എസ്.റ്റി.എ(1) 16494/2014 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 23.4.2014

E-mail-keralarcs.coop@.kerala.gov.in

Website: www.cooperation.kerala.gov.in

Tel. No. 0471-2330726

**സർക്കുലർ നമ്പർ 13/2014**

വിഷയം: സഹകരണ വകുപ്പ്- സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങളുടെ 2013-2014 വർഷത്തെ നമ്പർ സ്റ്റേറ്റ്മെന്റും സംഘങ്ങളുടെ പട്ടികയും-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന: സഹകരണ സംഘം രജിസ്ട്രാറുടെ 8.4.2013 ലെ 22/2013 സർക്കുലർ.

1. **നമ്പർ സ്റ്റേറ്റ്മെന്റും സഹകരണ സംഘങ്ങളുടെ പട്ടികയും**

2013-2014 സാമ്പത്തിക വർഷത്തിൽ ഓരോ സർക്കിളിലും നിലവിലുള്ള സംഘങ്ങളുടെ എണ്ണം, പൂർണ്ണമായ മേൽവിലാസം, രജിസ്റ്റർ ചെയ്ത തീയതി, രജിസ്റ്റർ നമ്പർ, ഫോൺ നമ്പർ, ചട്ടം 15 പ്രകാരമുള്ള തരം തിരിവ് എന്നീ വിവരങ്ങൾ ഉൾപ്പെട്ട ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമ I,II എന്നിവയിൽ മെയ് 31 ന് മുൻപായി ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. മേൽ വിവരങ്ങൾക്കു പുറമേ എന്തെങ്കിലും അധികമായി രേഖപ്പെടുത്തുകയാണെങ്കിൽ ആയത് റിമാർക്സ് കോളത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

സംഘങ്ങളുടെ പേരടങ്ങിയ ലിസ്റ്റിൽ ഓരോ സംഘത്തിന്റെയും നേരേ ഇപ്പോൾ പ്രവർത്തിക്കുന്നതാണോ? പ്രവർത്തന രഹിതമാണോ? തുടങ്ങിയ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിക്കേണ്ടതും ചട്ടം 15 പ്രകാരമുള്ള ശരിയായ തരം തിരിവ് (ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച്) തുടങ്ങിയ ഓരോ സംഘത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ അതാതു കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. യാതൊരു കാരണവശാലും കോളത്തിൽ രേഖപ്പെടുത്തലുകളൊന്നും ഇല്ലാതെ അയയ്ക്കുവാൻ പാടില്ലാത്തതും, ഏതെങ്കിലും സംഘത്തെ സംബന്ധിച്ച് കോളത്തിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ ബാധകമല്ലായെങ്കിൽ ആയത് ബാധകമല്ല എന്ന് രേഖപ്പെടുത്തേണ്ടതും, അധിക വിവരങ്ങൾ എന്തെങ്കിലും രേഖപ്പെടുത്തുവാൻ ഉണ്ടെങ്കിൽ ആയത് റിമാർക്സ് കോളത്തിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. സംഘങ്ങളുടെ പേര് അടങ്ങിയ ലിസ്റ്റ് പ്രൊഫോർമ II -ൽ സമർപ്പിക്കേണ്ടതാണ്.

**2.പുതിയതായി രജിസ്റ്റർ ചെയ്തതും ലിക്വിഡേറ്റ് ചെയ്തതും ആയിട്ടുള്ള സഹകരണ സംഘങ്ങളുടെ വിവരങ്ങൾ**

2013-2014 സാമ്പത്തിക വർഷത്തിൽ പുതിയതായി രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുടെ പേര്, മേൽ വിലാസം, ഫോൺ നമ്പർ, രജിസ്റ്റർ നമ്പർ, രജിസ്റ്റർ ചെയ്ത തീയതി/ലിക്വിഡേറ്റ് ചെയ്ത തീയതി, തരംതിരിവ് എന്നിവ അടങ്ങിയ ലിസ്റ്റ് പ്രത്യേകമായി (പ്രൊഫോർമ III(A), പ്രൊഫോർമ III(B)) 2014 മെയ് 31 ന് മുൻപായി ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

നമ്പർ സ്റ്റേറ്റ്മെന്റുകൾ യഥാസമയം കൃത്യതയോടെ സമർപ്പിക്കുന്നതിൽ ഗുരുതരമായ വീഴ്ച ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ഈ വർഷത്തെ സ്റ്റേറ്റ്മെന്റുകൾ നിശ്ചിത സമയപരിധിക്കകം കൃത്യതയോടെ സമർപ്പിക്കേണ്ടതും സമർപ്പിക്കുന്ന വിവരങ്ങൾ പൂർണ്ണമാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതുമാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടിവരുമെന്നും ഓർമ്മിപ്പിക്കുന്നു. ആയത് ഒഴിവാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൃത്യസമയത്തുതന്നെ നമ്പർ സ്റ്റേറ്റ്മെന്റ് ഈ ആഫീസിൽ സമർപ്പിക്കുവാൻ താൽപര്യപ്പെടുന്നു.

ഇ മെയിൽ **costat.rcs@gmail.com**

ഒപ്പ്
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)
സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി

ഉള്ളടക്കം:- പ്രൊഫോർമ, I,II,III(A), III(B)

പകർപ്പ്

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ).മാർക്കും
2. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
4. എഡിറ്റർ, സഹകരണവീഥി/സഹകരണ ജേർണൽ
5. വെബ്സൈറ്റ്,
6. സ്റ്റോക്ക് ഫയൽ/സ്പെയർ

കുറിപ്പ്:- നമ്പർ സ്റ്റേറ്റ്മെന്റിന്റെ സോഫ്റ്റ്വെയർ എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും കഴിഞ്ഞവർഷം അയച്ചു തന്നിട്ടുണ്ട്. അതിന്റെ തുടർച്ചയായി ഈ വർഷത്തെ സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടതാണ്.

//ആജ്ഞാനുസരണം//

റിസർച്ച് ഓഫീസർ

എൽ.കെ.23.4.14